**No. CEE/2500/MDA/2019/TA4**

**പ്രവേശന രീക്ഷാ കമ്മീഷണറുടെ കാര്യാലയം**
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്ത ുരം - 695 001

# പത്രക്കുറിപ്പ്

## ആയുർവേദ/ഹോമിയോപതി(എം.ഡി./ എം.എസ്) കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം–2019 സ്പോട്ട് അലോട്ട്മെന്റ് സംബന്ധിച്ച്

കേരളത്തിലെ വിവിധ സർക്കാർ/എയ്ഡഡ്/സ്വകാര്യ സ്വാശ്രയ കോളേജുകളിൽ 2019 വർഷത്തെ ബിരുദാനന്തര ബിരുദ ആയുർവേദ/ഹോമിയോ (എം.ഡി/എം.എസ്) കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം ആൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആയുർവേദ നടത്തുന്ന ആൾ ഇന്ത്യ ആയുഷ് പോസ്റ്റ് ഗ്രാജുവേറ്റ് എൻട്രൻസ് ടെസ്റ്റ് (AIAPGET-2019) ന്റെ സ്കോറിന്റെ അടിസ്ഥാനത്തിലായിരിക്കും കേരളത്തിൽ പ്രസ്തുത കോഴ്സുകളിൽ പ്രവേശനം നേടാൻ ആഗ്രഹിക്കുന്ന എല്ലാ വിദ്യാർത്ഥികളും നിർബന്ധമായും യോഗ്യത (AIAPGET-2019) നേടിയിരിക്കണം. ഓൺലൈനായി അപേക്ഷിക്കാനുള്ള അവസാന തീയതി 2019 സെപ്തംബർ 05 വൈകുന്നേരം 5.00 മണി വരെയാണ്. അതിനകം ലഭ്യമാകുന്ന അപേക്ഷകൾ പരിഗണിച്ചുകൊണ്ട് സെപ്തംബർ 06 ന് പ്രസിദ്ധീകരിക്കുന്ന ആയുർവേദ/ഹോമിയോ റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുന്ന വിദ്യാർത്ഥികൾക്ക് **സെപ്തംബർ 07 ന് തിരുവനന്തപുരം, പാളയം, എൽ.എം.എസ് കോമ്പൗണ്ടിലുള്ള വിമൻസ് സെന്റർ കോൺഫറൻസ് ഹാളിൽ** വച്ച് സ്പോട്ട് അലോട്ട്മെന്റ് നടത്തുന്നതാണ്. വിദ്യാർത്ഥികൾ അപ് ലോഡ് ചെയ്യുന്ന സർട്ടിഫിക്കറ്റുകളുടെ അസ്സൽ സഹിതം സ്പോട്ട് അലോട്ട്മെന്റിന് ഹാജരാകേണ്ടതാണ്. അലോട്ട്മെന്റിന് ഹാജരാകേണ്ട സമയക്രമം ചുവടെ ചേർക്കുന്നു.

| **കോഴ്സ്** | **റിപ്പോർട്ട് ചെയ്യേണ്ട സമയം** |
|---|---|
| ബിരുദാനന്തര ബിരുദ ഹോമിയോ | രാവിലെ 10.00 മണി |
| ബിരുദാനന്തര ബിരുദ ആയുർവേദം | ഉച്ചയ്ക്ക് 12.00 മണി |

വിശദമായ വിജ്ഞാപനത്തിന് www.cee-kerala.org, www.cee.kerala.gov.in എന്നീ വെബ് സൈറ്റുകൾ കാണുക.

തിരുവനന്തപുരം
03 .09.2019

**പ്രവേശന പരീക്ഷാ കമ്മീഷണർക്കു വേണ്ടി**